# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 3115** **24.02.2016 -ൽ മറുപടിക്ക്**

**കെ.പി.എസ്.സി. യുടെ പ്രവർത്തന വീഴ്ചകൾ പരിഹരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. കെ.എസ്. സലീഖ | | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) | |
| (എ) | കെ.പി.എസ്.സി. യുടെ പ്രവർത്തനം സാമ്പത്തിക പ്രതിസന്ധിയും, മെമ്പർമാരുടെ തമ്മിലടിയും മൂലം കാര്യക്ഷമമല്ലാതിരിക്കുന്നത് പരിശോധിച്ചുവോ; എങ്കിൽ കെ.പി.എസ്.സി. യുടെ പ്രവർത്തന വീഴ്ചകൾ എന്തെല്ലാം എന്നും ഇതു പരിഹരിക്കാൻ എന്തു നടപടി സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ; | (എ) | കെ.പി.എസ്.സിയിൽ പ്രതിസന്ധികളൊന്നും നിലവിലില്ല. |
| (ബി) | പരീക്ഷാ സെന്ററുകൾക്കു നൽകുന്ന യൂട്ടിലിറ്റി ചാർജ്ജ്, ഇൻവിജിലേറ്റർമാരുടെ പ്രതിഫലം, കായികക്ഷമതാ/ പ്രായോഗിക പരീക്ഷ നടത്തുന്ന ജീവനക്കാരുടെ പ്രതിഫലം എന്നിവയിൽ നാളിതുവരെ കൊടുത്തു തീർക്കുവാനുള്ള തുക എത്ര വീതം എന്നു വ്യക്തമാക്കുമോ; | (ബി) | യൂട്ടിലിറ്റി ചാർജ്ജ്, ഇൻവിജിലേറ്റർമാരുടെ പ്രതിഫലം, കായികക്ഷമതാ / പ്രായോഗിക പരീക്ഷ നടത്തുന്ന ജീവനക്കാരുടെ പ്രതിഫലം എന്നീ ആവശ്യങ്ങൾക്ക് നാളിതുവരെ മൂന്ന് കോടി ഇരുപത്തി നാല് ലക്ഷത്തി എൺപതിനായിരം രൂപ (₹3,24,80,000/-) കുടിശ്ശികയായി നല്കാനുണ്ട്. |
| (സി) | ചോദ്യപേപ്പർ അച്ചടി, കെട്ടിടങ്ങളുടെ വാടക, വാഹന ഇന്ധനത്തിന് നൽകുവാനുള്ള തുക എന്നീ ഇനങ്ങളിൽ നാളിതുവരെ നൽകാനുള്ള കുടിശ്ശിക എത്ര വീതം എന്ന് വ്യക്തമാക്കുമോ; | (സി) | ചോദ്യപേപ്പർ അച്ചടി ഇനത്തിൽ നാളിതുവരെ ₹ 48,61,235/- (നാൽപ്പത്തി എട്ടു ലക്ഷത്തി അറുപത്തൊന്നായിരത്തി ഇരുന്നൂറ്റി മുപ്പത്തി അഞ്ച്) രൂപയും കെട്ടിടങ്ങളുടെ വാടക കുടിശ്ശികയായി ₹ 5,93,846/-(അഞ്ച് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരത്തി എണ്ണൂറ്റി നാൽപ്പത്തി ആറ്) രൂപയും നൽകുവാനുണ്ട്. വാഹനങ്ങൾക്ക് ഇന്ധനം നിറയ്ക്കുന്ന വകയിൽ കുടിശ്ശിക നിലവിലില്ല. |
| (ഡി) | ഈ സർക്കാർ കാലയളവിൽ ഓരോവർഷവും പി.എസ്.സി. | (ഡി) | 2012-13 മുതൽ 2016-17 വരെയുള്ള സാമ്പത്തിക വർഷങ്ങളിലേയ്ക്ക് കമ്മീഷൻ |

ആവശ്യപ്പെട്ട ബജറ്റുതുക, സർക്കാർ നൽകിയ വിഹിതം എന്നിവയെത്രയെന്ന് വ്യക്തമാക്കുമോ ;

സർക്കാരിനോട് ആവശ്യപ്പെട്ട ബഡ്ജറ്റ് തുകയും സർക്കാർ അനുവദിച്ച ബഡ്ജറ്റ് വിഹിതവും താഴെക്കൊടുത്തിരിക്കുന്നു.

| സാമ്പത്തിക വർഷം | ആവശ്യപ്പെട്ട ബഡ്ജറ്റ് തുക | അനുവദിച്ച ബഡ്ജറ്റ് തുക |
|---|---|---|
| 2012-13 | ₹ 1,16,04,00,000 | ₹ 89,68,02,000 |
| 2013-14 | ₹ 1,43,24,00,000 | ₹ 1,08,32,25,000 |
| 2014-15 | ₹ 1,93,93,00,000 | ₹ 1,26,07,15,000 |
| 2015-16 | ₹ 2,61,26,25,000 | ₹ 1,30,15,58,000 |
| 2016-17 | ₹ 2,28,35,16,000 | ₹ 1,59,08,30,000 |

(ഇ) കെ.പി.എസ്.സി. അപേക്ഷ ക്ഷണിക്കുകയും പരീക്ഷ/ ഇന്റർവ്യൂ എന്നിവ നടത്തിയ-ശേഷം റിസൾട്ട് പ്രഖ്യാപി-ക്കാത്ത തസ്തിക സംബന്ധിച്ച വിശദാംശങ്ങളും പരീക്ഷയോ ഇൻറർവ്യൂവോ നടത്താനുള്ളവ സംബന്ധിച്ചുമുള്ള വിശദാം-ശങ്ങളും ലഭ്യമാക്കുമോ;

(ഇ) 31/12/2015 ലെ കണക്ക് പ്രകാരം പരീക്ഷ/ഇന്റർവ്യൂ എന്നിവ പൂർത്തിയായി റാങ്ക് പട്ടിക പ്രസിദ്ധീകരിക്കാനായി 42 തസ്തികകൾ ഉണ്ട്. പരീക്ഷ കഴിഞ്ഞ് ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ചതും റാങ്ക് പട്ടിക പ്രസിദ്ധീകരിക്കാത്തതുമായി 363 തസ്തിക-കളും, പരീക്ഷ കഴിഞ്ഞ് ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കാത്തതായി 1016 തസ്തികളും വിജ്ഞാപനം പുറപ്പെടുവിച്ച് പരീക്ഷ നടത്തുന്നതിലേക്കായി 1291 തസ്തികകളും ഉണ്ട്.

(എഫ്) കെ.പി.എസ്.സി. യെ ബഹു. സുപ്രീംകോടതി വിവരാവകാശ പരിധിയിൽ ഉൾപ്പെടുത്തിയ-തിനു ശേഷം ഇതുമായി ബന്ധപ്പെട്ട് കെ.പി.എസ്.സി. എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കുമോ?

(എഫ്) കെ.പി.എസ്.സിയിൽ ആസ്ഥാന/ മേഖല/ ജില്ലാ ഓഫീസുകളിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, അസിസ്റ്റന്റ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, അപ്പീൽ അധികാരി എന്നിവരെ നിയമിച്ചിട്ടുണ്ട്. ബഹു. സുപ്രീംകോടതിയുടെ 04.02.2016 ലെ വിധി പ്രകാരം പി.എസ്.സി നടത്തുന്ന വിവരണാത്മക പരീക്ഷകളുടെ ഉത്തരക്കട-ലാസുകളുടെ പകർപ്പ് നൽകണമെന്ന് ഉത്തരവായിട്ടുണ്ട്. ആയത് നടപ്പിലാക്കു-ന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**